"ഭരണഭാഷ മാതൃഭാഷ"

കേരളസർക്കാർ

പൊതുഭരണ (ഏകോപനം) വകുപ്പ്

നം.സി.ഡി.എൻ.5/24/21/പൊഭവ                    തിരുവനന്തപുരം, തീയതി: 18.02.2022.

## സർക്കുലർ

വിഷയം:- പൊതുഭരണ വകുപ്പ് - സർക്കാർ നിശ്ചിത ഫീസ് നിശ്ചയിച്ച രേഖകൾ വിവരാവകാശ നിയമപ്രകാരമുള്ള നിരക്കിൽ നൽകണമെന്ന കേരള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഉത്തരവിൽ സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1) കേരള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ നം.AP2281(1)/2018/SIIC, തീയതി 04.02.2019 ലെ ഉത്തരവ്

2) നോട്ടിഫിക്കേഷൻ നം.11259/സിഡിഎൻ5/2006/പൊഭവ, തീയതി, 09.05.2006

3) സ.ഉ (പി) നം.540/2007/പൊഭവ, തീയതി 18.12.2007

4) ബഹു.ഹൈക്കോടതിയുടെ 31.01.2020 ലെ WP(C)35173/2019 & connected cases മേലുള്ള വിധിന്യായം.

വിവരവകാശ നിയമ പ്രകാരം ആവശ്യപ്പെടുന്ന എല്ലാ രേഖകളും പേജൊന്നിന് 5/- രൂപയിൽ കൂടുതൽ അപേക്ഷകരിൽ നിന്നും ഈടാക്കരുതെന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (1) പ്രകാരം കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു.

2) റവന്യൂ വകുപ്പിൽ നിന്ന് വിതരണം ചെയ്യുന്ന BTR (Basic Tax Register), സ്ഥലത്തിന്റെ സ്കെച്ചിന്റെ പകർപ്പ്, സാറ്റലൈറ്റ് മാപ്പിംഗ്, രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് വിതരണം ചെയ്യുന്ന Encumbrance Certificate, തദ്ദേശസ്വയം ഭരണം, പൊതുമരാമത്ത്, തുടങ്ങിയ വകുപ്പുകളിൽ നിന്നും വിതരണം ചെയ്യുന്ന വിവിധ രേഖകൾ, കേരള പബ്ലിക് സർവീസ് കമ്മീഷൻ നൽകുന്ന OMR ഷീറ്റിന്റെ പകർപ്പ്, സർവ്വകലാശാലകൾ നൽകുന്ന ഉത്തര കടലാസിന്റെ പകർപ്പുകൾ മുതലായ രേഖകൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കിയാണ് അപേക്ഷകർക്ക് നൽകി വരുന്നത്. എന്നാൽ പരാമർശം (1) പ്രകാരമുള്ള കമ്മീഷന്റെ ഉത്തരവ് നടപ്പാക്കുന്നത് സർക്കാരിന് സാമ്പത്തിക നഷ്ടം സൃഷ്ടിക്കുന്നതിനോടൊപ്പം, വിവരാവകാശ നിയമം ദുരുപയോഗം ചെയ്യുന്നതിനും കാരണമാകുമെന്നതിന് ഇടയാകുന്നുണ്ട്.

3) പരാമർശം 2,3 പ്രകാരം വിവരാവകാശ നിയമമനുസരിച്ച് അപേക്ഷകർ ആവശ്യപ്പെടുന്ന പൊതുരേഖകൾ നൽകുന്നതിന് മറ്റ് ഉത്തരവുകൾ/നിയമ പ്രകാരം സർക്കാർ പ്രത്യേക ഫീസ് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയത് ഈടാക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ കേരള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പരാമർശം (1) പ്രകാരമുള്ള ഉത്തരവിനെതിരെ ബഹു.ഹൈക്കോടതിയിൽ നം.WP(C)35173/2019 പ്രകാരം സർക്കാർ അപ്പീൽ ഫയൽ ചെയ്യുകയും, തുടർന്ന് നം.WP(C)35173/2019 & connected cases മേൽ പരാമർശം (1) പ്രകാരമുള്ള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഉത്തരവ് സ്റ്റേ ചെയ്തുകൊണ്ട് ബഹു.ഹൈക്കോടതി പരാമർശം (4) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചിരുന്നു.

4) മേൽ സാഹചര്യത്തിൽ പരാമർശം (1) പ്രകാരമുള്ള വിവരാവകാശകമ്മീഷന്റെ ഉത്തരവ് നിലവിൽ ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ സർക്കാർ ഫീസ് നിശ്ചയിച്ച് നൽകിവരുന്ന രേഖകൾ വിവരാവകാശ നിയമ പ്രകാരം അപേക്ഷകർ ആവശ്യപ്പെട്ടാലും, അത്തരം രേഖകൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കി മാത്രമേ അപേക്ഷകർക്ക് നല്കവാൻ പാടുള്ളുവെന്ന് നിർദ്ദേശിക്കുന്നു.

**ശാരദ മുരളീധരൻ ഐ.എ.എസ്**
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും മേലധികാരികൾക്ക്
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ-680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട്
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
രജിസ്ട്രാർ, എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, സി.ഇ.റ്റി ക്യാമ്പസ്, തിരുവനന്തപുരം
രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, കൊച്ചി
രജിസ്ട്രാർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല, മലപ്പുറം
രജിസ്ട്രാർ, കേരള കലാമണ്ഡലം, തൃശ്ശൂർ
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
( മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്